ഒൺവേ ട്രാഫിക്ക്

* 319. [6] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിൽ ഒൺവേ ട്രാഫിക്ക് സംപ്രദായം നിലവിലുണ്ട് ;

(ബി) ഒൺവേ ട്രാഫിക്ക് നിയമത്തിൽനിന്നും ഏതെങ്കിലും വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ വാഹനങ്ങളാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ആലുവാ, മട്ടാഞ്ചേരി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ പട്ടണങ്ങളിലെ ചില റോഡുകളിൽ ഒൺവേ സംപ്രദായം നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) കോട്ടയം, ആലുവാ, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളൊഴിച്ച് മറെറല്ലാ പട്ടണങ്ങളിലും, സൈക്കിൾ, ഉന്തുവണ്ടി, കാളവണ്ടി, സൈക്കിൾ റിക്ഷാ, ഓട്ടോ റിക്ഷാ, റിക്ഷാ, സ്ട്രെട്ടർ, കുതിരവണ്ടി, എന്നീ വാഹനങ്ങളൊഴിവാക്കിയിട്ടുണ്ട്. പാലക്കാട് ടൗണിൽ കാറുകളും, ടൗൺ ബസ്സുകളും കോഴിക്കോട് ടൗണിൽ കാറുകളും ഒൺവേ ട്രാഫിക്ക് നിയമത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ ഒൺവേ ട്രാഫിക്ക് നിയമം ലംഘിച്ചു ആരെങ്കിലും വാഹനം ഓടിക്കുകയോ, പോകുകയോ ചെയ്താൽ അതു ശിക്ഷാർഹമാണോ ?

ശ്രീ. ആർ. ശങ്കർ : അതെ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തൃശ്ശൂർ വടക്കുംനാഥക്ഷേത്രം ചുറ്റിവേണം ഇപ്പോൾ ഈ ഒൺവേ ട്രാഫിക്ക് നിയമം വന്നതുകൊണ്ട് വാഹനങ്ങളെ സംബന്ധിച്ചിടത്തോളം പോകാൻ. അങ്ങനെ ചുറ്റി പോകാതിരിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ക്ഷേത്രത്തെ ചുറ്റിയല്ലാതെ പോകാൻ വേറെ മാർഗ്ഗമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഒൺവേ ട്രാഫിക്ക് നിയമം ഇല്ലാതിരുന്നാൽ വടക്കുംനാഥക്ഷേത്രത്തെ വലതുവശ്ശാതെ പോകാൻ കഴിയും. അതു പത്രക്കാർതന്നെ ഉന്നയിച്ചിട്ടുള്ള ഒരു കാര്യവുമാണ്.

ശ്രീ. ആർ. ശങ്കർ : ചില റൂട്ടുകളിൽ ട്രാഫിക്ക് അധികമുള്ളപ്പോൾ അവിടെ അപകടം ഒഴിവാക്കാൻവേണ്ടിയാണ്. അതിലേക്ക് ഒരു മൈലോ അരമൈലോ കൂടുതൽ പോകേണ്ടിവരും. അതുമൂലം പെട്രോൾ ചെലവാകുമെന്നേയുള്ളൂ, അവിടെ ഉണ്ടാകാനിടയുള്ള അപകടങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതു നിസ്സാരമാണെന്നുള്ളതു കൊണ്ടായിരിക്കണം ഈ വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly